# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 564 — 27.03.2018 -ൽ മറുപടിക്ക്

### പുരാവസ്തു വകുപ്പിലെ സ്ഥാപനങ്ങളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ
പ്രൊഫ.കെ.യു.അരുണൻ
ശ്രീ. ഒ.ആർ.കേളു
ശ്രീ. സി.കെ.ഹരീന്ദ്രൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
,പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പുരാവസ്തു വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും അവയുടെ നവീനവൽക്കരണത്തെക്കുറിച്ചും പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | പരിശോധന നടത്തിയിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളുടേയും സംരക്ഷിത സ്മാരകങ്ങളുടേയും സംരക്ഷണ പ്രവർത്തനങ്ങൾ, ആവശ്യമുള്ള മറ്റു സ്ഥാപനങ്ങളുടേയും സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ വകുപ്പ് നടത്തുന്നുണ്ട്. ചരിത്ര, പുരാവസ്തു പ്രാധാന്യമുള്ള വസ്തുക്കളെ അതുപോലെ തന്നെ സംരക്ഷിച്ചുപോരുകയാണ് വകുപ്പ് ചെയ്യുന്നത്. അവയിൽ നവീനവൽക്കരണം നടത്തുന്നത് പ്രായോഗികമല്ല. രാസസംരക്ഷണം, ഘടനാപരമായ സംരക്ഷണം എന്നിവ ചെയ്യുന്നതുപോലും വളരെ സൂക്ഷ്മമായാണ്. |
| (ബി) | പുരാവസ്തു വകുപ്പിന്റേതായ വിവിധ സ്ഥാപനങ്ങളുടെ സംരക്ഷണവും പരിപാലനവും നടത്തുന്നതിനായി അനുവദിക്കപ്പെട്ട തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (ബി) | പുരാവസ്തുവകുപ്പിന്റെ സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2017-2018 സാമ്പത്തിക വർഷം 21,50,00,000/- (ഇരുപത്തിയൊന്ന് കോടി അൻപത് ലക്ഷം) രൂപ അനുവദിച്ചതിൽ 11,47,26,665/- (പതിനൊന്ന് കോടി നാൽപത്തി ഏഴ് ലക്ഷത്തി ഇരുപത്തിയാറായിരത്തി അറുന്നൂറ്റി അറുപത്തിയഞ്ച്) രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള നെടുമങ്ങാട് കോയിക്കൽ പാലസ്, തൃപ്പൂണിത്തുറ പുരാവസ്തു മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ അനുവദിച്ചിട്ടുള്ള കേന്ദ്ര ഫണ്ടിന്റെയും സംസ്ഥാന ഫണ്ടിന്റെയും 80% ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ചരിത്ര പഠനത്തിനും ഗവേഷണത്തിനും വിനോദ സഞ്ചാരത്തിനും തീർത്ഥാടകർക്ക് പുരാവസ്തു ശേഖരവും ചരിത്ര സ്മാരകങ്ങളും സന്ദർശിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും പൈതൃകം നിലനിർത്തിക്കൊണ്ട് പ്രസ്തുത സ്ഥാപനങ്ങൾ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ യഥാസമയം ചെയ്തുവരുന്നു. ചരിത്ര പഠനത്തിനും ഗവേഷണത്തിനും വിനോദ സഞ്ചാരത്തിനും തീർത്ഥാടകർക്ക് പുരാവസ്തു ശേഖരവും ചരിത്ര സ്മാരകങ്ങളും സന്ദർശിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ആയതിനായി പുരാവസ്തു വകുപ്പിന്റെ നാണയ ശേഖരത്തിന്റെ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. മേൽ സമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**